## ചോദ്യോത്തരം

മുജീബ്

# മതത്തിന്റെ ദൗത്യം: സലഫീ ഭാഷ്യം

■ *'മതത്തിന്റെ ദൗത്യം ധർമചിന്ത ജനങ്ങളിൽ ഉണർത്തുകയും അവരെ നന്മയിലേക്ക് കൊണ്ടുവന്ന് ദൈവബോധമുള്ളവരാക്കി മാറ്റുകയുമാണ്. അല്ലാതെ ഭരണം നേടിയെടുത്ത് അധികാരത്തിലേക്ക് വരികയല്ല. മതത്തെ രാഷ്ട്രീയവൽക്കരിച്ച പ്രസ്ഥാനങ്ങളാണ് ലോകത്തിലെ എല്ലാ ഭീകര പ്രസ്ഥാനങ്ങളും. ഈജിപ്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന 'മുസ്‌ലിം ബ്രദർഹുഡ്' എന്ന സംഘടന അതിനുദാഹരണമാണ്. ഈ സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി പോലുള്ള സംഘടനകളെ സ്വാധീനിക്കുന്നത്.'*

*മതത്തിന് രാഷ്ട്രീയ വ്യാഖ്യാനം നൽകിയവർ തീവ്രവാദത്തെ ന്യായീകരിക്കുകയാണ്. അതിന്റെ കെടുതികൾ അനുഭവിക്കുന്നത് മനുഷ്യരാണ്. മുജാഹിദ് പ്രസ്ഥാനം നന്മയിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. മൗലാനാ അബുൽകലാം ആസാദ്, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, വക്കം മൗലവി, കെ.എം സീതി സാഹിബ് പോലുള്ള ഉന്നതന്മാരായ ചിന്തകന്മാർ മുജാഹിദ് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു! - ടി.പി അബ്ദുല്ലക്കോയ മദനി ഒരഭിമുഖത്തിൽ പറഞ്ഞതാണിത്.*

*ഇത്തരം ശൈലികളെ മുള്ളിനെ മുള്ളുകൊണ്ടെന്നപോലെ കൈകാര്യം ചെയ്യാതിരിക്കുന്നത് ബലഹീനതയല്ലേ?*

***അഫ്നാൻ കവ്വായി, പയ്യന്നൂർ***

**ഓ**രോ പ്രസ്ഥാനത്തിനും അതിന്റേതായ ഭാഷയും ശൈലിയും രീതിയുമുണ്ടാവും. പ്രതിയോഗികളുടെ ഭാഷയോ ശൈലിയോ നോക്കി മാറ്റാവുന്നതല്ല പ്രസ്ഥാനം സുചിന്തിതമായി സ്വീകരിച്ച ശൈലി. ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തനമാരംഭിച്ചതു മുതൽ മുജാഹിദ് മൗലവിമാർ അതിനെതിരെ രംഗത്തുവന്നിട്ടുണ്ട്. ജമാഅത്താകട്ടെ എല്ലാ ആരോപണങ്ങൾക്കും മറുപടി പറയാൻ മിനക്കെട്ടില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനിടയുള്ള വിമർശനങ്ങളോടു മാത്രം ആശയതലത്തിൽ പ്രതികരിച്ചു. ഖുർആനിലെ ഇബാദത്ത് എന്ന സംജ്ഞക്ക് സാങ്കേതികമായി ആരാധന എന്നു മാത്രമേ അർഥമുള്ളൂ എന്നും അനുസരണം, അടിമത്തം എന്നീ അർഥങ്ങൾകൂടി മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും കൽപിച്ചു നൽകിയത് പരമാബദ്ധവുമാണെന്നുമായിരുന്നു ഒരു മുഖ്യവിമർശനം. അക്കാര്യം അവർ ധാരാളം എഴുതുകയും പ്രസംഗിക്കുകയും ചെയ്തുവന്നു. എട്ടു പതിറ്റാണ്ടോളം ജീവിച്ച ഒരു പ്രമുഖ സലഫീ പണ്ഡിതൻ 'ഇബാദത്തി'ൽ മൗദൂദിയുടെ 'പിഴവുകൾ' മലയാളികളെ മാത്രമല്ല അറബികളെക്കൂടി ബോധവൽക്കരിക്കാൻ മിക്കവാറും ആയുഷ്കാലം മുഴുവൻ വിനിയോഗിച്ചു. അതിനായി ഒരു മാസിക തന്നെ നടത്തി. ധാരാളം ലഘുലേഖകൾ ഇറക്കി. അനുയായികൾ മിമ്പറുകളിലടക്കം അതേറ്റു പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമിയിലെ പണ്ഡിതന്മാർ ഇബാദത്ത് വിഷയത്തിൽ പ്രാമാണികമായ ഗ്രന്ഥങ്ങളും പുറത്തിറക്കി. ഇന്നോ? രണ്ടു മുജാഹിദ് സംഘടനകളും നാലു ദിവസം വീതം രാപ്പകൽ അനേകമനേകം സെഷനുകളുമായി ഗംഭീര സംസ്ഥാന സമ്മേളനങ്ങൾ നടത്തിയല്ലോ ചങ്ങരംകുളത്തും പനമരത്തും. ഏതെങ്കിലുമൊരു സെഷനിൽ ഇബാദത്ത് ചർച്ചാ വിഷയമാക്കാതിരുന്നതെന്തേ? ജമാഅത്തിനോടുള്ള അനുഭാവം കൊണ്ടായിരുന്നോ? അല്ലെങ്കിൽ ഇബാദത്തിന്റെ വിവക്ഷ ആരാധന മാത്രമാണെന്ന് ജമാഅത്ത് സമ്മതിച്ചതുകൊണ്ടോ? അല്ലെന്ന് വ്യക്തം. പിന്നെയോ, ലോകമുസ്‌ലിം പണ്ഡിതന്മാരിൽ ഒരാൾപോലും സയ്യിദ് മൗദൂദിയെ തിരുത്താത്ത ഒരു വിഷയത്തിൽ തങ്ങൾക്ക് പറ്റിയത് അബദ്ധമാണെന്ന് മുജാഹിദ് മൗലവിമാർ പരോക്ഷമായി സമ്മതിക്കേണ്ടിവന്നിരിക്കുന്നു. അതിനാൽ ആ വിവാദവും അവർ നിശ്ശബ്ദമായി ഉപേക്ഷിച്ചിരിക്കുന്നു.

ഇപ്പോൾ മാർക്കറ്റ് മതരാഷ്ട്രവാദാരോപണത്തിനാണ്. കാരണം എഴുപതുകൾക്കൊടുവിലെ ഇറാൻ വിപ്ലവവും 2001 സെപ്റ്റംബർ 11-ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണവും ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ ആഞ്ഞടിക്കാൻ അമേരിക്കൻ സാമ്രാജ്യത്വത്തിനും ശിങ്കിടികൾക്കും പ്രേരകങ്ങളായി. ആടിനെ ആടെന്നു വിളിച്ച് തല്ലിക്കൊല്ലാൻ പറ്റാത്തതിനാൽ പട്ടിയാക്കി. അല്ലെങ്കിൽ ലോകത്തെങ്ങും സജീവ രഹസ്യാന്വേഷണ ശൃംഖലയുള്ള അമേരിക്കക്കറിയാം ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളായ ഇഖ്‌വാനുൽ മുസ്‌ലിമൂനോ ജമാഅത്തെ ഇസ്‌ലാമിയോ സായുധ വിപ്ലവത്തിലോ രക്തരൂഷിത അട്ടിമറിയിലോ വിശ്വസിക്കുന്നില്ലെന്ന്. ഈ പ്രസ്ഥാനങ്ങൾ ക്യാപിറ്റലിസത്തെയും ഇംപീരിയലിസത്തെയും കമ്യൂണിസത്തെയും പ്രത്യയശാസ്ത്രപരമായി എതിർക്കുന്നു എന്നത് സത്യമാണ്. പകരം ദൈവിക സന്മാർഗമായ ഇസ്‌ലാമിനെയാണ് അവ അവതരിപ്പിക്കുന്നതും. എന്തുകൊണ്ടെന്നാൽ പൈശാചികതയിൽനിന്ന് മനുഷ്യനെ മോചിപ്പിക്കാൻ വേറെ വഴിയില്ല. വിശ്വ മാനവിക സാഹോദര്യവും സാമൂഹിക നീതിയും സദാചാരവും പുലരുന്ന ഒരേയൊരു വ്യവസ്ഥിതി സർവജ്ഞനും യുക്തിമാനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ മനുഷ്യസ്നേഹികളായ പ്രവാചകന്മാർ പരിചയപ്പെടുത്തിയത് മാത്രമാണ്. ജിന്നും സിഹ്റും തറാവീഹ് റക്അത്തുകളുടെ എണ്ണവും തശഹ്ഹുദിലെ ചൂണ്ടാണി വിരലാട്ടവും സുബ്ഹിലെ ഖുനൂത്തും താടിരോമങ്ങളുടെ ദൈർഘ്യവും പഠിപ്പിക്കാനായല്ല അല്ലാഹു തന്റെ ദൂതന്മാരെ അയച്ചത്. ഏകദൈവ വിശ്വാസികളെ

ഒന്നടങ്കം ബഹുദൈവാരാധകരാക്കി മാറ്റുന്ന പ്രബോധന ശൈലിയും പ്രവാചകന്മാരുടേതല്ല. ചെടി നടുന്നതിലെ തൗഹീദ് ഗവേഷണം ചെയ്ത് സ്വന്തം പ്രസ്ഥാനം കുറുകെ പിളർത്തി ഒടുവിൽ ശക്തിതെളിയിക്കാൻ കോടികൾ ഒഴുക്കുന്നതുമല്ല മതത്തിന്റെ ധർമം. ഇതുകൊണ്ട് സമുദായത്തിൽ തീവ്രവാദം തളരുകയല്ല വളരുകയേ ചെയ്യൂ.

## എന്തിന് ഇങ്ങനെയൊരു സംഘടന?

■ *'ഭൂരിപക്ഷം എന്തുചെയ്യാൻ ആഗ്രഹിക്കുന്നുവോ അതുപോലെ ചെയ്യുമെന്ന് പ്രഖ്യാപിച്ച ജമാഅത്തെ ഇസ്‌ലാമിക്ക് മതസംഘടനാ തലത്തിൽ യാതൊരു പ്രസക്തിയും കാണുന്നില്ല. തലയെണ്ണി ആദർശം സ്വീകരിക്കുന്ന ഒരു ആൾക്കൂട്ടം. ഖബ്ർ പൂജകർക്കുവരെ അംഗത്വം നൽകുന്ന ഭരണഘടന. സ്വന്തം പള്ളികളിൽ പിറകിൽ നിൽക്കുന്നവരെ എണ്ണി ക്കണക്കാക്കി ബിസ്മി ഉറക്കെയും പതുക്കെയുമാക്കി. കൈ നെഞ്ചത്തും പള്ളയിലും കെട്ടി. ഖുനൂത്ത് ഓതിയും ഓതാതെയും കഴിച്ചു കൂട്ടുന്ന ആദർശ പാപ്പരത്തത്തിന്റെ മൂർത്ത രൂപമായ ഈ സംഘടന കേരള മുസ്‌ലിംകൾക്ക് ആവശ്യമുണ്ടോ? (അൽ ഇസ്‌ലാഹ് മാസിക 2008 ഫെബ്രുവരി) മുജീബിന്റെ അഭിപ്രായമെന്ത്?*

***ടി. അബ്ദുർറശീദ് എടത്തനാട്ടുകര***

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസക്തിയും ആവശ്യകതയും തീരുമാനിക്കേണ്ടത് അതിന്റെ പ്രബോധിതരായ ജനങ്ങളാണ്. അരനൂറ്റാണ്ട് പിന്നിട്ട ഈ പ്രസ്ഥാനം സുന്നി-സലഫി സംഘടനകളുടെ നിരന്തരമായ എതിർപ്പിനെയും ഊരുവിലക്കിനെയും സർക്കാറിന്റെ നിരോധങ്ങളെയും അതിജീവിച്ച് ഇപ്പോഴും വിമർശകരുടെ ഉറക്കം കെടുത്തിക്കൊണ്ട് നിലനിൽക്കുന്നതുതന്നെ അതിന്റെ പ്രസക്തി സമൂഹം അംഗീകരിച്ചതു കൊണ്ടാണ്. അല്ലാഹുവല്ലാത്ത ഒരു ശക്തിയെയും ആരാധിക്കുകയോ നിരുപാധികം അനുസരിക്കുകയോ ചെയ്യാവതല്ലെന്ന് രേഖപ്പെടുത്തിയ ജമാഅത്ത് ഭരണഘടനയിൽ ഒരുവിധ ഖബ്ർപൂജക്കും പഴുതില്ലെന്ന്, ഒരു തവണയെങ്കിലും അത് വായിച്ചു നോക്കിയവർക്കറിയാം. കൈ എവിടെ കെട്ടിയാലും ഒരിടത്തും കെട്ടിയില്ലെങ്കിലും നമസ്കാരം സാധുവാകും എന്ന് മനസ്സിലാക്കിയവരാണ് ഈ ആദർശ പ്രസ്ഥാനത്തിൽ അണിനിരന്നവർ. ഖുനൂത്ത് ഓതിയവരും ഓതാത്തവരും അതിന്റെ പേരിൽ നരകാവകാശികളാവാൻ പോവുന്നില്ലെന്ന് തിരിച്ചറിഞ്ഞ വിശ്വാസികൾക്കും വേണമല്ലോ ഒരു സംഘടന. അതാണ് ജമാഅത്തെ ഇസ്‌ലാമി. ഇതിന്റെയൊക്കെ പേരിൽ സമുദായത്തെ തമ്മിൽ തല്ലിക്കുന്ന മതസംഘടനകളുടെ പട്ടികക്ക് പുറത്തു കിടക്കുന്നതിൽ ഒരു പരാതിയും ജമാഅത്തിനില്ല.

## പ്രശ്നം വിഷയമോ ശൈലിയോ?

■ *'പ്രചാരണ രീതിയല്ല, പ്രചാരണ വിഷയമാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. മുഹമ്മദ് നബി(സ)യുടെ പ്രബോധനം അദ്ദേഹം മർദ്ദിക്കപ്പെടാനിടയാക്കിയത് ശൈലി മാന്യമല്ലാതിരുന്നതുകൊണ്ടല്ല. നൂഹ് നബി(അ) 950 വർഷം പ്രബോധനം ചെയ്തിട്ടും ജനം അദ്ദേഹത്തിൽ വിശ്വസിക്കാതിരുന്നത് ശൈലി തെറ്റായിരുന്നത് കൊണ്ടല്ല. വിഷയമായിരുന്നു പ്രശ്നം. 'ആരാധന, നേർച്ച, പ്രാർഥന എന്നിവ അല്ലാഹുവിനു മാത്രം' എന്നു പറഞ്ഞാൽ ജനങ്ങൾ പ്രകോപിതരാകും. ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമിക ഭരണത്തെക്കുറിച്ചും മദ്യം, പലിശ എന്നിവയുടെ ദൂഷ്യത്തെക്കുറിച്ചും മാത്രം പറയുന്നതിനാൽ അവർക്കു ഭീഷണി വരാറില്ല. മുജാഹിദുകൾ ചെയ്യുന്നതുപോലെ 'ഇസ്തിഗാസ' എന്ന വിഷയം വെച്ച് ജമാഅത്തെ ഇസ്‌ലാമി പ്രസംഗിക്കാറില്ല. ഈ രണ്ടു വസ്തുതകളും വിലയിരുത്തി വേണം സുന്നികൾ പ്രകോപനമുണ്ടാക്കുന്നതിനെയും പ്രകോപനമുണ്ടാക്കാതിരിക്കുന്നതിനെയും വിലയിരുത്തേണ്ടത്.'*

*2008 ജനുവരി 11-ന്* വിചിന്തനം *വാരിക(ലക്കം: 18)യിൽ വന്ന ഒരു ചോദ്യത്തിന് നൽകിയ ഉത്തരമാണിത്.* മുജീബ് എന്തുപറയുന്നു?

***ശബ്ന കൂറ്റമ്പാറ***

**ശൈലി**യല്ല വിഷയമാണ് പ്രശ്നമെങ്കിൽ *വിചിന്തനം* തന്നെ സമ്മതിച്ചതുപോലെ ഇസ്‌ലാമിക ഭരണത്തെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമി പ്രസംഗിക്കുമ്പോൾ അക്കാര്യത്തിൽ എതിർപ്പുള്ളവർ പ്രകോപിതരാവേണ്ടതല്ലേ? മദ്യത്തെ എതിർക്കുമ്പോൾ ലക്കില്ലാത്ത മദ്യപർ ഏതായാലും ഇളകേണ്ടതല്ലേ? പലിശയെ വിമർശിക്കുമ്പോൾ ബ്ലേഡുകാരെങ്കിലും ക്ഷുഭിതരാവാത്തത് എന്തുകൊണ്ട്? അപ്പോൾ പ്രശ്നം വിഷയമല്ല, ശൈലി തന്നെയാണ്. ജനങ്ങൾക്ക് അഹിതകരമായ ഏതു വിഷയവും ഒരു പ്രബോധകന് അവതരിപ്പിക്കാം, ശൈലി മാന്യവും ഗുണകാംക്ഷാപരവും പ്രതിപക്ഷബഹുമാനത്തോടെയുമാണെങ്കിൽ. മഹാധിക്കാരിയായ ഫറവോന്റെ സന്നിധിയിൽ പോലും ഭവ്യതയോടെ തൗഹീദ് അവതരിപ്പിച്ച മൂസായും ഹാറൂനും, പുരോഹിതന്മാരെ കണക്കിന് കശക്കിയപ്പോഴും യുക്തിദീക്ഷ കൈവിടാത്ത ഈസാ(അ)യുമാണ് നമുക്ക് മാതൃക. നിങ്ങൾ സുന്നികളോട് തവസ്സുലോ ഇസ്തിഗാസയോ എന്തു വേണമെങ്കിലും പറഞ്ഞോളൂ. അവരെ മക്കാ മുശ്‌രിക്കുകൾക്ക് തുല്യരാക്കാനും വെല്ലുവിളിക്കാനുമൊക്കെ ധൃതിപ്പെടുമ്പോഴാണ് മോശമായ പ്രതികരണം ക്ഷണിച്ചുവരുത്തുന്നത്. പ്രമുഖനായ ഒരു മുജാഹിദ് പ്രഭാഷകന്റെ മതപ്രബോധനവേദി കോഴിക്കോട് ജില്ലയിലെ ക്രിസ്തീയ ഭൂരിപക്ഷ പ്രദേശമായ തിരുവമ്പാടിയിൽ അലസിപ്പിരിയാൻ ഇടവരുത്തിയ സംഭവം ഓർക്കേണ്ടതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിലും സമാനാനുഭവമുണ്ടായി. പ്രബോധനം യുക്തിഭദ്രവും ഗുണകാംക്ഷാപരവും ആയിരിക്കണമെന്നത് ഖുർആനിന്റെ നിർദേശമാണ്, ജമാഅത്തെ ഇസ്‌ലാമിയുടെ കണ്ടുപിടുത്തമല്ല.

## നേരിനു നേരെ

■ *'ഇസ്‌ലാം സമ്പൂർണ ജീവിത പദ്ധതി' എന്ന തലക്കെട്ടിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറി പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ ഒരു പണ്ഡിത സംഗമത്തിൽ നടത്തിയ പ്രസ്താവനയുടെ പ്രസക്തഭാഗം:*

*ആദി മനുഷ്യനും പ്രവാചകനുമായ ആദം നബി മുതൽ അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) വരെ*

*ലോകത്ത് പ്രബോധനം ചെയ്തത് ഇസ്‌ലാമിക ദർശനമാണ്. ലോകാവസാനം വരെ മനുഷ്യസമൂഹം അഭിമുഖീകരിക്കേണ്ടി വരുന്ന സർവപ്രശ്നങ്ങൾക്കും പ്രവാചക ജീവിതത്തിൽ പാഠമുണ്ട്. കാലാകാലങ്ങളിൽ മനുഷ്യൻ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഇതര ദർശനങ്ങളെ അവലംബി ക്കേണ്ട അവസ്ഥ മുസ്‌ലിംകൾക്ക് ഒരിക്കലും സംജാതമാവുകയില്ല (സിറാജ് ദിനപത്രം ഫെബ്രുവരി 10 ഞായർ). ഈ പ്രസ്താവനയോട് മുജീബ് എങ്ങനെ പ്രതികരിക്കുന്നു?*

***പി.പി ഉമർകോയ പന്നിയങ്കര***

**നേ**രായ വാക്കുകൾ; നേരിന്റെ വഴിയിൽ.

## രോഗശാന്തിക്ക് പ്രാർഥന

■ *പ്രാർഥിച്ചാൽ കാൻസർ വരെ സുഖപ്പെടുത്താം. മനുഷ്യൻ ചെയ്ത പാപത്തിനു രോഗം നൽകി, പരലോകത്തുള്ള ശിക്ഷ ദൈവം കുറയ്ക്കുന്നു. 'എന്നോട് ചോദിക്കൂ ഞാൻ ഉത്തരം നൽകാം' എന്ന് ഖുർആൻ പറയുന്നു.*

*മനോരമ ആരോഗ്യം ജനുവരി ലക്കത്തിലെ ഒരു കുറിപ്പിൽ ഒരു മുസ്‌ലിയാരുടെ അഭിപ്രായമാണിത്. മുജീബ് എന്തു പറയുന്നു?*

***റഷീദ് വെളിയങ്കോട്***
***അബൂദബി***

**വി**ധിയെ തടുക്കാൻ പ്രാർഥനക്കേ കഴിയൂ എന്നത് വിശ്വാസ്യമായ പ്രവാചക വചനമാണ്. രോഗം തന്നവൻ തന്നെയാണ് അത് സുഖപ്പെടുത്തുന്നവനുമെന്നത് ഖുർ ആന്റെ അധ്യാപനവുമാണ്. സുഖപ്പെടുത്താമെന്ന് ജഗന്നിയന്താവ് ഉദ്ദേശിച്ചാൽ കാൻസ റെന്നോ ജലദോഷമെന്നോ വ്യത്യാസമില്ല. ചികിത്സിക്കാതെ പ്രാർഥനമാത്രം പോരാ എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. നിങ്ങൾ ചികിത്സ തേടുവിൻ എന്ന് നബി(സ) ഉദ്ബോധിപ്പിച്ചിരുന്നു (മുസ്നദ് അഹ്മദ്). അൽ ഹാരിഥുബ്നു കൽദ എന്ന പ്രഗത്ഭ നായ വൈദ്യരുടെ അടുത്ത് ചികിത്സ തേടാൻ പ്രവാചകൻ ഉപദേശിച്ചിരുന്നതായി ചരി ത്രത്തിലുണ്ട്. ■